"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കാസറഗോഡ് ജില്ലയിൽ പരപ്പ ഗവ. ഹയർ സെക്കന്ററി സ്കൂളിലെ ക്ലാർക്ക് ആയിരിക്കെ മരണപ്പെട്ട മാധവൻ എൻ.സി -യുടെ മകൻ ശ്രീ.വൈശാഖ് മാധവന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ കാസറഗോഡ് ജില്ലയിൽ എൽ.ഡി ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്**

സ.ഉ.(കൈ) നം.100/2026/GEDN തീയതി,തിരുവനന്തപുരം, 05-06-2026

---

പരാമർശം:-
1. 24.05.1999-ലെ സ.ഉ.(പി) നം.12/99/പി&എ.ആർ.ഡി
2. 12.10.2021 ലെ സ.ഉ.(കൈ.) നം. 222/ 2021/പൊ.വി.വ
3. 29.03.2025-ലെ സ.ഉ (അ) നം.4/2025/പി&എആർഡി
4. 09.11.2025-ലെ സ.ഉ (അ) നം.15/2025/പി&എആർഡി
5. 10.04.2026 ലെ പൊതുഭരണ (സർവീസസ്-ഡി) വകുപ്പിന്റെ എസ്ഡി3/35/2026/ജിഎഡി പാർട്ട് (1) നമ്പർ അനൗദ്യോഗിക കുറിപ്പ്

**ഉത്തരവ്**

കാസറഗോഡ് ജില്ലയിൽ പരപ്പ ഗവ. ഹയർ സെക്കന്ററി സ്കൂളിലെ ക്ലാർക്ക് ആയിരിക്കെ അന്തരിച്ച മാധവൻ എൻ.സി-യുടെ മകൻ ശ്രീ.വൈശാഖ് മാധവന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ കാസറഗോഡ് ജില്ലയിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പൊതുഭരണ (സർവീസസ്-ഡി) വകുപ്പ് യൂണിഫോം തസ്തികയിലെ നിയമനത്തിനായി പ്രത്യേകം സംഘടിപ്പിച്ച ആശ്രിത നിയമന അദാലത്തിൽ ശ്രീ. വൈശാഖ് മാധവൻ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, സിവിൽ പോലീസ് ഓഫീസർ എന്നീ തസ്തികകളിലേയ്ക്ക് കായികക്ഷമതാ യോഗ്യത നേടിയിട്ടുണ്ടെന്നും ടി തസ്തികകളിലെ നിയമനത്തിന് പരിഗണിക്കുന്നതിലേയ്ക്കായി നിശ്ചിത പ്രൊഫോർമ പൊതുഭരണ വകുപ്പിന് നല്കേണ്ടതാണെന്നും പരാമർശം (5) പ്രകാരം അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.വൈശാഖ് മാധവൻ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, സിവിൽ പോലീസ് ഓഫീസർ എന്നീ തസ്തികകളിൽ ആശ്രിതനിയമനത്തിന് യോഗ്യത നേടിയിട്ടുള്ളതിനാൽ ടി തസ്തികയിലെ നിയമനത്തിന് പരിഗണിക്കുന്നതിലേയ്ക്കായി ടിയാന് പൊതുവിദ്യാഭ്യാസ വകുപ്പിൽ കാസറഗോഡ് ജില്ലയിൽ

എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ആശ്രിതനിയമനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടുള്ള പരാമർശം (2) ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിന്ദു ആർ

ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസറഗോഡ്
ഹെഡ് മാസ്റ്റർ, ഗവ. ഹയർ സെക്കന്ററി സ്കൂൾ, പരപ്പ, കാസറഗോഡ്
ശ്രീ.വൈശാഖ് മാധവൻ, 'രാരീരം', അട്ടക്കാട്, പ്ലാച്ചിക്കര പി.ഒ, കാസറഗോഡ് 671 314 (സ്പീഡ് പോസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരളം, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
നോഡൽ ഓഫീസർ, കൈറ്റ് (webupdates@kite.kerala.gov.in)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sobha D
Date: 05-06-2026 16:55:47

സെക്ഷൻ ഓഫീസർ